പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2010 **26-10-2026-ൽ മറുപടിയ്ക്ക്**

തലശ്ശേരി ജനറൽ ഹോസ്പിറ്റൽ മാറ്റി സ്ഥാപിക്കുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി ജനറൽ ആശുപത്രി, തലശ്ശേരി കണ്ടിക്കൽ എന്ന പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് നബാർഡ്, അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് എന്നിവ മുഖാന്തിരം കണ്ടെത്തുന്നതിനുവേണ്ടി വിശദ പദ്ധതിരേഖ (DPR)സമർപ്പിക്കാൻ സർക്കാർ ആരോഗ്യവകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

മറുപടി: തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ കെട്ടിടം നിർമ്മാണം എന്ന പദ്ധതി നബാർഡ് / യു.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പ്രകാരം പരിശോധിച്ച്, പ്രൊപ്പോസൽ ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് സർക്കാരിൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ ചെയ്തിട്ടുള്ളതെന്നും ആയത് പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ നടപടികൾ ആണ് ശേഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

മറുപടി: മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ